വനവിഭവങ്ങളുടെ സംരക്ഷണം

200 (4535) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുവാൻ ആദിവാസികൾക്ക് പരിശീലനം നൽകുമോ ;

(ബി) ആദിവാസികൾക്ക് വനവിഭവങ്ങൾക്ക് ന്യായവില ലഭിക്കുവാൻ വനം വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) വനവിഭവങ്ങൾ ഏതൊക്കെ സംവിധാനങ്ങളിലൂടെയാണ് വനം വകുപ്പ് സംഭരിക്കുന്നത് ?

ഉത്തരം

(എ) ചെറുകിട വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിനും, സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും, മൂല്യവർദ്ധനവ് നടത്തുന്നതിനുമായി വനസംരക്ഷണ സമിതി അംഗങ്ങൾക്ക് വനം സർക്കിൾ തലത്തിൽ കീസ്റ്റോൺ ഫൗണ്ടേഷൻ, ഔഷധി മുതലായ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി പരിശീലനം നല്കുന്നുണ്ട്. ഏകദേശം 500 ഓളം വനസംരക്ഷണ സമിതി അംഗങ്ങൾക്ക് ഇതിനോടകം പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതൊരു തുടർ പരിപാടിയാണ്.

(ബി) വനസംരക്ഷണ സമിതികൾ, ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴി ആദിവാസികൾ കാട്ടിൽനിന്നും ശേഖരിക്കുന്ന വനവിഭവങ്ങൾ ന്യായവില നൽകി വാങ്ങി അവയിൽനിന്നും തയ്യാറാക്കുന്ന ഉണമേന്മയുള്ള വിഭവങ്ങൾ 'വനശ്രീ' എന്ന ബ്രാൻഡു നൽകി വിറ്റഴിക്കുന്നതിന് രണ്ട് മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 37 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഓണം, റംസാൻ, ക്രിസ്തുമസ് മേളകൾ, പ്രദർശനങ്ങൾ എന്നിവയോടനുബന്ധിച്ച് 'വനശ്രീ' സ്റ്റാളുകൾ തുറന്ന് വനവിഭവങ്ങൾ വിപണനം നടത്തുന്നുണ്ട്. വനവിഭവങ്ങൾ ജനങ്ങൾക്ക് നേരിട്ട് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് തിരുവനന്തപുരം/മലയാറ്റൂർ എന്നീ വനവികാസ ഏജൻസികളുടെ മേൽനോട്ടത്തിൽ രണ്ട് മൊബൈൽ വനശ്രീ യൂണിറ്റുകൾ ആരംഭിച്ചത്. ഇപ്രകാരം ഉണമേന്മ വരുത്തി വനവിഭവങ്ങൾ വിറ്റഴിക്കുന്നതിലൂടെ ആദിവാസികൾക്ക് മെച്ചപ്പെട്ട വിലയും മൂല്യവർദ്ധനയിലൂടെ ലാഭവിഹിതവും ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വനാവകാശ നിയമം 2006 പ്രകാരം വനവിഭവശേഖരണവും, വിപണനവും ആദിവാസികൾ ഉൾപ്പെടെയുള്ള പരമ്പരാഗത വനവാസികളുടെ സാമൂഹിക അവകാശമാണ്. അവർ ശേഖരിക്കുന്ന വനവിഭവങ്ങൾ വന വികസന ഏജൻസികളുടെ കീഴിൽ പ്രവർത്തിക്കുന്ന വനസംരക്ഷണ സമിതികൾ ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴി നേരിട്ട സംഭരിക്കുന്നു. ഇങ്ങനെ ശേഖരിക്കുന്ന വനവിഭവങ്ങൾ മൂല്യവർദ്ധനവ് നടത്തി വനശ്രീ ഇക്കോ ഷോപ്പുകൾ വഴി വിപണനം നടത്തുന്നു.

ശ്രീമതി രമ്യാ മനോജിന്റെ വീട് പൊളിച്ചുമാറ്റൽ

201 (4536) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വെള്ളരിമല വില്ലേജിൽപ്പെട്ട ചൂരൽമലയിൽ താമസിക്കുന്ന ശ്രീമതി രമ്യ മനോജിന്റെ വീട് വനം വകുപ്പ് അധികൃതർ പൊളിച്ചുമാറ്റിയതു സംബന്ധിച്ച് നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) താമസിച്ചുവരുന്ന വീട് പൊളിച്ച് മാറ്റാനുണ്ടായ സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ ;

(സി) വീട് പൊളിച്ച് മാറ്റുന്നതിന് മുൻപ് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എല്ലാം വകുപ്പ് പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രീമതി രമ്യാ മനോജ് 6 വർഷമായി താമസിച്ചുവന്നിരുന്ന സ്ഥലം മേപ്പാടി റെയിഞ്ച്, മുണ്ടക്കൈ സെക്ഷൻ പരിധിയിൽ വി.എഫ്.സി.22-ൽപ്പെട്ടതും വെള്ളരിമല വില്ലേജ് റി.സ. 126-ൽ വരുന്ന അഡ്ജസെന്റ് കെ.സി. കാട് വനഭൂമിയാണ്. ടി 8 സെന്റ് വനഭൂമി ആദിവാസി വിഭാഗത്തിൽപ്പെട്ട ഗോപലൻ എന്നയാൾ കൈവശം വച്ച് വന്നിരുന്നതായിരുന്നു. പ്രസ്തുത സ്ഥലത്തുണ്ടായിരുന്ന വീട് ടിയാൻ താല്കാലിക താമസത്തിനായി മുരളീധരൻ എന്നയാൾക്ക് നൽകിയിരുന്നതായും ടിയാൻ മനോജ് എന്നയാൾക്ക് അനധികൃതമായി വിറ്റതായും ബോധ്യപ്പെട്ടിട്ടുണ്ട്. ടി സ്ഥലം മനോജിൽ നിന്നും വീണ്ടെടുത്ത് നൽകുന്നതിനായി ശ്രീ. ഗോപാലൻ മേപ്പാടി റെയിഞ്ചിൽ പരാതി നൽകുകയുണ്ടായി. അതിനെ തുടർന്ന് ശ്രീ. മനോജിന് 2-2-2015-ന് നോട്ടീസ് നൽകിയിരുന്നുവെങ്കിലും സ്ഥലം ഒഴിയുവാൻ കൂട്ടാക്കാത്തതിനെ തുടർന്നാണ് 21-2-2015-ന് പ്രസ്തുത സ്ഥലവും വീടും ഒഴിപ്പിച്ചെടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly